# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1995 - 17.03.2015ൽ മറുപടിയ്ക്ക്**

**<u>സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പദ്ധതികൾ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പു മന്ത്രി) |

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗം ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് ഇനംതിരിച്ച് വിശദമാക്കുമോ ;

(എ) സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ഹരിതകേരളം | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ഹരിതശ്രീ പദ്ധതി | വിദ്യാഭ്യാസ വകുപ്പ്, മറ്റ് വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. |
| ആലില പദ്ധതി | സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കി വരുന്നു |
| ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് | സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവയുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. |
| വഴിയോരത്തണൽ | തദ്ദേശസ്വയംഭരണ സ്ഥാനങ്ങളുമായി ചേർന്ന് വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്ന വഴിയോരത്തണൽ പദ്ധതി നടപ്പിലാക്കുന്നു. |
| കുട്ടനാട് പാക്കേജ് | കൃഷിവകുപ്പുമായി ചേർന്ന് നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവയിൽ കേന്ദ്രഫണ്ട് പൂർണ്ണ വിഹിതമോ ഭാഗിക വിഹിതമോ ആയി ലഭ്യമാകുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ബി) | ഹരിതകേരളം പദ്ധതിക്ക് 2406-01-101-84 XIII[th] FCA എന്ന ശീർഷകത്തിലുള്ള കേന്ദ്ര ഫണ്ട് ഉപയോഗിച്ചു വരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ പൂർണ്ണ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് കുട്ടനാട് പാക്കേജ് വഴി വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും, സന്നദ്ധസംഘടനകൾക്കും, സർക്കാർ - സർക്കാരിതര സ്ഥാപനങ്ങൾക്കും സൗജന്യമായി വൃക്ഷത്തൈകളും, രാമച്ചത്തൈകളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ